LIBRARY ARCHIVES Kerala Legislative Assembly

എസ് സി/എസ് ടി (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട്, 1988 പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ

247 (3881) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ, ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് 1989 പ്രകാരം പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയാണ് ;

(ബി) ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് 1989 പ്രകാരം പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകളിൽ ഇപ്പോഴും കോടതിയിൽ കുറ്റപത്രം നൽകിയിട്ടില്ലാത്തവ എത്ര ;

(സി) അന്വേഷണം പൂർത്തിയാക്കിയിട്ടില്ലാത്ത കേസുകൾ എത്ര; അതിൽ മൂന്ന് വർഷവും രണ്ട് വർഷവും ഒരു വർഷവും കാലാവധികൾ പിന്നിട്ട കേസ്സുകൾ എത്ര വീതം ; വ്യക്തമാക്കുമോ ;

(ഡി) പെൻഡിംഗിലുള്ള ആകെ കേസ്സുകളിൽ എത്രപേരെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3,340 കേസുകൾ.

(ബി) 458 കേസുകളിൽ കുറ്റപത്രം നൽകിയിട്ടില്ല.

(സി) അന്വേഷണം പൂർത്തിയാക്കിയിട്ടില്ലാത്ത 458 കേസുകളാണ് ഉള്ളത്, അതിൽ 3 വർഷം പിന്നിട്ട 10 കേസുകളും 2 വർഷം പിന്നിട്ട 9 കേസുകളും ഒരു വർഷം പിന്നിട്ട 45 കേസുകളും ഉണ്ട്.

(ഡി) പെൻഡിംഗിലുള്ള ആകെ കേസുകളിൽ 666 പേരെ ഇനിയും അറസ്റ്റ് ചെയ്യുവാൻ ബാക്കിയുണ്ട്.

പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട്, 1998 പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ

248 (3882) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രിവെൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട് 1989 പ്രകാരം എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ;

(ബി) ഇതിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച എത്ര കേസ്സുകൾ ഉണ്ട് ; എത്ര എണ്ണം ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ; എഫ്. ഐ .ആർ. രജിസ്റ്റർ ചെയ്ത എല്ലാ കേസ്സുകളും ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) നിലവിൽ ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3,340 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 238 കേസുകൾ ഉണ്ട്. ഇതിൽ ഒരു കേസും ശിക്ഷിക്കപ്പെട്ടിട്ടില്ല.

(സി) ഇത്തരം കേസുകളിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്താൽ, സ്റ്റേഷൻ ഹൗസ് ഓഫീസർമാർ എക്സ്പ്രസ് റിപ്പോർട്ട് തയ്യാറാക്കി ജില്ലാ പോലീസ് മേധാവികൾക്ക് വിവരം നൽകുന്നു. ജില്ലാ പോലീസ് മേധാവിമാർ DYSP/ACP റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് അന്വേഷണ ചുമതല ഏൽപ്പിച്ചു കൊടുക്കുകയും, പരമാവധി 30 ദിവസത്തിനകം ചാർജ് ഷീറ്റ് സമർപ്പിക്കുന്നതിന് ഉത്തരവ് നൽകുകയും, കേസുകളുടെ അന്വേഷണ രീതിയും പുരോഗതിയും യഥാസമയം വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഇപ്രകാരം ചാർജ് ഷീറ്റ് സമർപ്പിക്കുന്ന കേസുകൾ ബഹുമാനപ്പെട്ട ജില്ലാ സെഷൻസ് കോടതികളിൽ വിചാരണ നടത്തി വരുന്നതുമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശപ്രകാരമോ, മറ്റ് കേസുകൾ വിസ്താരത്തിനു വരുമ്പോഴോ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച കേസുകളുടെ വിചാരണയ്ക്ക് സ്വാഭാവികമായും കാലതാമസം നേരിടാറുണ്ട്.

കെ.എ.പി. 3 ബറ്റാലിയനിലേക്കുള്ള നിയമനം

249 (3883) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം (സിറ്റി & റൂറൽ), ആലപ്പുഴ, പത്തനംതിട്ട പോലീസ് ജില്ലകളിലെ സിവിൽ പോലീസ് ഓഫീസർമാരുടെ റിക്രൂട്ടിംഗ് ക്യാമ്പായ അടൂർ കെ.എ.പി. 3 ബറ്റാലിയനിലേക്ക് നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കി 11-9-2014-ൽ നിലവിൽ വന്ന ലിസ്റ്റിൽനിന്നും എത്ര ഉദ്യോഗാർത്ഥികൾക്കാണ് നാളിതുവരെ നിയമനം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly